**കേരള സർക്കാർ**

ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

എസ് എഫ് സി-ബി2/ 53/2017/ധന തിരുവനന്തപുരം തിയതി 22/01/2018

## സർക്കുലർ

വിഷയം: മരണപ്പെട്ടവരേയും പുനർ വിവാഹം ചെയ്തവരേയും ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ / പെൻഷൻ ലഭിച്ചിട്ടില്ലാത്ത ഗുണഭോക്താവിന്റെ വീട് എന്നിവിടങ്ങൾ ധനകാര്യ ജില്ലാ സ്ക്വാഡുകൾ സന്ദർശിച്ച് പെൻഷൻ വിതരണം സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ അനുവദിക്കപ്പെടുന്നുവെന്നും പുനർവിവാഹം ചെയ്തവർക്കും വിധവാ പെൻഷൻ തുടർന്നും അനുവദിക്കപ്പെടുന്നു എന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ അനർഹമായി പെൻഷൻ അനുവദിക്കപ്പെടുന്നത് സർക്കാരിന് സമ്പത്തിക ബാധ്യത ഉയർത്തുന്ന സാഹചര്യം ഉളവാകുന്നു. ആയത് ക്രമപ്പെടുത്തുന്നതിലേക്ക് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1) പെൻഷനുമായി വീട്ടിൽ എത്തുന്ന സഹകരണ സംഘം ഏജന്റിന് , ഗുണഭോക്താവ് മരണപ്പെട്ടു/പുനർ വിവാഹം ചെയ്തു എന്ന് വ്യക്തമായാൽ ആ വിവരം സഹകരണ സംഘം സെക്രട്ടറിയെ അറിയിക്കേണ്ടതും സെക്രട്ടറി ആ വിവരം സേവന സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ് . പ്രസ്തുത വിവരം ഒരു മെസ്സേജ് രൂപത്തിൽ അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ലഭിക്കുകയും പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ പെൻഷൻ ഉടനടി സസ്പെൻഡ് ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഗുണഭോക്താവിനെ സസ്പെന്റ് ചെയ്യേണ്ടത് പ്രാദേശിക സർക്കാർ സെക്രട്ടറിയുടേയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും ചുമതലായാണ്. ഇതിൽ വീഴ്ച്ചവരുത്തുന്നത് സർക്കാർ ഗൗരവപൂർവ്വം നിരീക്ഷിക്കുന്നതായിരിക്കും.

2) പ്രാദേശിക സർക്കാരിൽ നിന്ന് മരണ സർട്ടിഫിക്കറ്റ്/പുനർ വിവാഹ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന നടപടിക്രമങ്ങളും പെൻഷൻ ഡേറ്റാ ബേസും അധാർ നമ്പറും ബന്ധിപ്പിച്ച് മരണപ്പെട്ട/ പുനർ വിവാഹം ചെയ്ത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് .

3) മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം /പുനർ വിവാഹം നടന്നാൽ / സംഭവിച്ചാൽ /റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് /പുനർ വിവാഹം ചെയ്ത

വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്

4) മരണം /പുനർ വിവാഹം കൃത്യ സമയത്ത് റിപ്പോർട്ട് ചെയ്യാതെ പരേതന്റെ പെൻഷൻ അനന്തരാവകാശികളോ , വിധവാ പെൻഷൻ വാങ്ങിവന്നിരുന്നവരോ സർക്കാരിനെ കബളിപ്പിച്ച് തുടർന്നും പെൻഷൻ വാങ്ങുകയാണെങ്കിൽ അത് തിരിച്ച് പിടിയ്ക്കാൻ പ്രാദേശിക സർക്കാരുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

5) പെൻഷൻ വിതരണം വെബ്ബ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറിയ സാഹചര്യത്തിൽ ഒരു ഗുണഭോക്താവ് മറ്റൊരു പ്രാദേശിക സർക്കാരിന്റെ പരിധിയിലേക്ക് താമസം മാറിയാൽ അദ്ദേഹത്തിന്റേയോ പ്രസ്തുത സ്ഥലത്തെ ജനപ്രതിനിധിയുടേയോ അപേക്ഷ പ്രകാരമോ പ്രാദേശിക സർക്കാരിൽ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലോ അന്വേഷണം നടത്തി പെൻഷൻ ഡേറ്റ പുതിയ പ്രാദേശിക സർക്കാരിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ് .

6) മരണപ്പെട്ടവരേയും സ്ഥലം മാറിപ്പോയവരേയും ഒഴിവാക്കികൊണ്ട് സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പുതുക്കിയ ലിസ്റ്റ് പ്രാദേശിക സർക്കാരുകൾ അടിയന്തരമായി തയ്യാറാക്കേണ്ടതാണ്.

7) പുനർ വിവാഹം ചെയ്തതിന് ശേഷവും പെൻഷൻ തുക അനുവദിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇത്തരക്കാരുടെ വിവരങ്ങൾ ശേഖരിച്ച് അധികമായി കൈപറ്റിയ തുക തിരിച്ചടയ്ക്കാനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനുവദിച്ച തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അത് തിരിച്ചടയ്ക്കാൻ അനന്തരവാകശികൾക്കും പ്രാദേശിക സർക്കാരുകൾ നോട്ടീസ് നൽകേണ്ടതും തുക തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

8) ഗുണഭോക്താവ് മരണപ്പെടുകയും / പുനർ വിവാഹം ചെയ്യുകയും അക്കാര്യം പ്രാദേശിക സർക്കാർ ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുകയും ചെയ്യുമ്പോൾ തന്നെ പ്രസ്തുത വിവരം പ്രാദേശിക സർക്കാർ സെക്രട്ടറിയെ അറിയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിവരം ലഭിച്ചാൽ ഉടൻ തന്നെ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്

**മനോജ് ജോഷി ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ